# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T. 5430. 06.07. 2012-ൽ മറുപടിയ്ക്ക്**

## പാൻമസാല ഉത്പന്നങ്ങൾ തടയുന്നതിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും വൻതോതിൽ നിരോധിക്കപ്പെട്ട പാൻമസാല ഉത്പന്നങ്ങൾ കേരളത്തിൽ എത്തുന്നു എന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇതു തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | .(ബി) | പാൻമസാല ഉൽപ്പന്നങ്ങൾ നിരോധിച്ചു കൊണ്ട്. 22.05.2012 ന് ഉത്തരവ് പുറപ്പെടുവിച്ചതു മുതൽ തന്നെ കേരളത്തിലേക്ക് പുതിയതായിട്ട് നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ എത്തുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ ചെക്ക് പോസ്റ്റുകളിൽ പ്രത്യേക ജാഗ്രത പാലിക്കുവാൻ ഫുഡ് സേഫ്റ്റി/ വാണിജ്യ നികുതി വകുപ്പ്/ എക്സൈസ് എന്നിവയിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏകദേശം 18 ടണ്ണോളം ഉൽപ്പന്നങ്ങൾ തിരിച്ചയക്കുകയും ചെയ്തിട്ടുണ്ട്. നിരോധന ഉത്തരവിന്റെ ഒരു സംക്ഷിപ്തരൂപം പ്രധാനപ്പെട്ട എല്ലാ പത്രങ്ങളിലും |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിക്കുകയും ഇത്തരം ഉല്പന്നങ്ങളുടെ അനധികൃത സംഭരണമോ വില്പനയോ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പൊതുജനങ്ങൾക്ക് ഉദ്യോഗസ്ഥരെ അറിയിക്കുവാൻ വേണ്ടി എല്ലാ ജില്ലാ ഓഫീസർമാരുടെയും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പരുകളും പ്രസിദ്ധീകരിച്ചിരുന്നു. പോലീസ് ആക്ട് ഉപയോഗിച്ചുകൊണ്ട് നിരോധിക്കപ്പെട്ട ഉല്പ്പന്നങ്ങൾ സൂക്ഷിക്കുകയോ വില്പ്പനയോ നടത്തുന്നവർക്കെതിരെ നടപടിയെടുക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, വാണിജ്യ നികുതി വകുപ്പിൽ നിന്നും നിരോധിക്കപ്പെട്ട ഉൽപ്പന്നങ്ങൾ വിൽക്കുവാൻ സാധ്യതയുള്ള കടക്കാരുടെ വിവരം ശേഖരിച്ച് പോലീസിന് കൈമാറിയിട്ടുണ്ട്. അതാത് ജില്ലകളിൽ സന്നദ്ധസംഘടനകളുടെ സേവനം കൂടി ഉൾപ്പെടുത്തി നിരോധിക്കപ്പെട്ട പാൻമസാല, ഗുഡ്ക തുടങ്ങിയ ഉല്പന്നങ്ങളുടെ രഹസ്യ സൂക്ഷിപ്പു കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ